## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*64. 04.03.2020 ൽ മറുപടിയ്ക്ക്

## ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്ത കേരളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുവാനായി എക്സൈസ് വകുപ്പ് നടത്തുന്ന പ്രചരണ പരിപാടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിവയടക്കം പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിൽ വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ പവലിയനുകൾ, ഫ്ലോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ച് വരുന്നു.<br>യുവാക്കളെയും വിദ്യാർഥികളെയും ലഹരിയിലേയ്ക്ക് വീഴാതെ അവർക്കായി ലഹരിക്കെതിരെ കായിക ലഹരി എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ചിട്ടുള്ളതും, പുസ്തക വിതരണം നടത്തിയിട്ടുള്ളതുമാണ്. മെയ് 31 ലോക പുകയില |

| | | | |
|---|---|---|---|
| | | | വിരുദ്ധ ദിനം, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. എഫ്.എം.റേഡിയോകൾ, ടി.വി. ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. മലയാള സിനിമാലോകത്തെ പ്രമുഖ താരങ്ങളെ ഉൾപ്പെടുത്തി ലഹരിക്കെതിരായ സന്ദേശം തയ്യാറാക്കി നവമാധ്യമങ്ങളിലൂടെ നിരന്തരം പ്രചരിപ്പിക്കുന്നുണ്ട്.<br>കേരളത്തിലുടനീളമുള്ള ആദിവാസി തീരദേശ പട്ടികജാതി കോളനികളിൽ ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ വീടുകളിൽ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവന സന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) | വിമുക്തി പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് കഴിഞ്ഞ വർഷം പുതുതായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, റെസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ, യുവജന-വിദ്യാർത്ഥി സംഘടനകൾ, വിവിധ ക്ഷേമനിധി ബോർഡുകൾ, ട്രേഡ് യൂണിയനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, സാമൂഹിക-സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും, 917 പഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനം നടത്തി വരുന്നുണ്ട്. നവംബർ 14 ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും, ഡിസംബർ 4-ന് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബുകളും, |

| | | | |
|---|---|---|---|
| | | | 392 കോളേജ് ക്ലബ്ബുകളും, 1794 ഗ്രന്ഥശാലാ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുണ്ട്. മുഴുവൻ ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വിദ്യാർത്ഥികളെയും യുവജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ ദീപം തെളിയിക്കൽ, 'വിമുക്തി ജ്വാല' സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ,ബൈക്കത്തോൺ, വാക്കത്തോൺ എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. വിമുക്തി ബോധവത്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ ബോധവത്കരണ സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. വിവിധ സാംസ്കാരിക പരിപാടികൾ വഴിയും വിമുക്തി സന്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പതിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചതെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | ഉണ്ട്. നികുതി ഉൾപ്പെടെ 1,01,77,500/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ മദ്യനയം ലഹരി മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമായ ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ; | (ഡി) യും (ഇ) യും | ഉണ്ട്. ലഹരി മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകരമായിട്ടുള്ള മദ്യനയത്തിലെ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തുന്നതാണ്. (വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ |
| (ഇ) | എങ്കിൽ ഈ നയത്തിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിന് സഹായകമായിട്ടുള്ളതെന്ന് | | |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | സംഘടിപ്പിച്ചുവരുന്നു).<br>2. മദ്യാസക്തിക്ക് അടിമപ്പെടുന്നവരെ ചികിത്സയ്ക്ക് വിധേയമാക്കി ലഹരിയിൽ നിന്നും വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. (പുതുതായി കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ചു)<br>3. മദ്യവർജ്ജന-ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് (ഫലപ്രദമായി നടന്നുവരുന്നു).<br>4. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് കൂടുതൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. (എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു).<br>5. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 23 വയസ്സായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**